# IV. സബ്മിഷൻ

## (1) ഇടുക്കി - ദേവികുളം -കല്ലാർകുട്ടി ഡാം മേഖലയിലുള്ള കുടുംബങ്ങൾക്ക് പട്ടയം

ശ്രീ. എ. രാജ: സർ, ദേവികുളം താലൂക്കിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കല്ലാർകുട്ടി പ്രദേശത്ത് പത്തുചെയിൻ മേഖലയിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എന്റെ സബ്മിഷൻ. 75 വർഷങ്ങൾക്കുമുമ്പ് ഭക്ഷ്യധാന്യങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെട്ട സമയത്ത് മലയോരപ്രദേശത്ത് കൃഷിചെയ്യാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തി ഭൂമിയും വിത്തും നൽകി കുടിയേറ്റിയ 3500-ഓളം വരുന്ന ആളുകളാണ് അവിടെയുള്ളത്. കല്ലാർകുട്ടി ഭാഗത്ത് പത്തുചെയിൻ മേഖലയിൽ അവർ താമസം തുടങ്ങി ഏകദേശം ഏഴ് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. കൃഷി ആരംഭിച്ചു, വീട് നിർമ്മിച്ചു, മറ്റ് അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ അവിടെ മെച്ചപ്പെടുത്തി. വൈദ്യുതി ആവശ്യത്തിലേക്കായി കല്ലാർകുട്ടി ഡാം പണിയുന്ന സമയത്ത് കൃഷിക്കാരെ ഒഴിപ്പിച്ച് ഡാം പണിതു. പിന്നീട് ആളുകൾ അവിടെ

വീട് വച്ച് താമസിക്കുകയും കൃഷി ചെയ്യുകയും ചെയ്തു. പത്തുചെയിൻ പ്രദേശത്ത് ഇരട്ടയാർ ഭാഗത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറേ ആളുകൾക്ക് പട്ടയം നൽകുകയുണ്ടായി. പക്ഷെ പത്തുചെയിൻ പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകാമെന്ന് പറഞ്ഞിരുന്നെങ്കിലും ഇതുവരെ നൽകിയിട്ടില്ല. റവന്യൂ വകുപ്പ് 352/2017 ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം നടന്ന് വൈദ്യുത-റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി വൈദ്യുത വകുപ്പിന് ആ സ്ഥലം ആവശ്യമില്ലെങ്കിൽ അവിടെ പട്ടയം നൽകാം എന്നാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ബാക്കിയുള്ള സ്ഥലങ്ങളിൽ പട്ടയം നൽകിയിട്ടുണ്ടെങ്കിലും ഈ പ്രദേശത്ത് താമസക്കാരായിട്ടുള്ള ഏകദേശം 3500-ഓളം വരുന്ന ആളുകൾക്ക് പട്ടയം ഇതുവരെ നൽകിയിട്ടില്ല. അവർക്കുകൂടി പട്ടയം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് തികച്ചും ശരിയായതും അർഹമായതുമായ പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ ഗവൺമെന്റിന്റെ കീഴിൽ കേരളത്തിലെ റവന്യൂ വകുപ്പ് ഇത്തരത്തിൽ നിർബന്ധമായും നൽകേണ്ട കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി 'പട്ടയ മിഷൻ' എന്നൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ നിയോജകമണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികൾക്കും പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ അവരവരുടെ മേഖലകളിലുള്ള പട്ടയ പ്രശ്നങ്ങൾ ഗൗരവമായി ഉന്നയിക്കുന്നതിനും ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഒരു ഡാഷ്ബോഡിൽ ഉൾപ്പെടുത്താനും ചർച്ചകളിലൂടെയും അദാലത്തുകളിലൂടെയും അതിന് പരിഹാരം കാണാനും തുടർച്ചയായി ശ്രമിച്ചുവരികയാണ്. പട്ടയമിഷനിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തിയ പട്ടയ ഡാഷ്ബോർഡിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നവും വളരെ ഗൗരവമായി വന്നിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ജലവൈദ്യുത പ്രദേശങ്ങളിലെ ചെയിൻ മേഖലകളിൽ താമസിച്ചുവരുന്ന യോഗ്യരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വലിയ

തരത്തിലുള്ള യോഗങ്ങൾ ഈ ഗവൺമെന്റ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ബഹുമാനപ്പെട്ട ജില്ലയിലെ ചുമതലക്കാരൻ കൂടിയായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ചേർന്നുകൊണ്ട് വൈദ്യുതി-റവന്യൂ-ജലവിഭവ മന്ത്രിമാരുടെ യോഗം രണ്ടുതവണ ചേരുകയുണ്ടായി. ഡാം സുരക്ഷാ അതോറിറ്റിയുമായി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്തു. കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട ആദ്യഘട്ട കൈവശങ്ങൾ സർവേ ചെയ്ത് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. ദേവികുളം, ഇടുക്കി താലൂക്കുകളിലുൾപ്പെട്ടുവരുന്ന കല്ലാർകുട്ടി ഡാമിന്റെ പത്തുചെയിൻ പ്രദേശത്തെ യോഗ്യമായ കൈവശങ്ങൾ തിട്ടപ്പെടുത്തുന്നതിന് വൈദ്യുതി-റവന്യൂ അധികൃതരുടെ സാന്നിധ്യത്തിൽ പ്രത്യേക സർവേ ടീമിനെ നിയോഗിച്ച് ഫീൽഡ് സർവേ പൂർത്തീകരിച്ചിട്ടുള്ളതും വെള്ളത്തൂവൽ, കൊന്നത്തടി വില്ലേജുകളിലായി ആകെ 1405 കൈവശങ്ങൾ സർവേ ചെയ്തിട്ടുള്ളതുമാണ്. കൊന്നത്തടി വില്ലേജിലെ സർവേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

വെള്ളത്തുവൽ വില്ലേജിലെ ലാൻഡ് രജിസ്റ്റർ അന്തിമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സർവേ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ തയ്യാറാക്കി അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സർക്കാരിന്റെ കാലത്തുതന്നെ ഈ മേഖലയിലെ അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(2) വന്യമൃഗ ആക്രമണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, വന്യജീവി ആക്രമണങ്ങളുടെ ഭാഗമായി പുതുക്കാട് നിയോജകമണ്ഡലത്തിലെ പല മലയോര ഗ്രാമങ്ങളിലെയും മനുഷ്യരുടെ ജീവനും കൃഷിയും വലിയ ഭീഷണിയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് വരന്തരപ്പിള്ളി, മറ്റത്തൂർ, തൃക്കൂർ ഗ്രാമപഞ്ചായത്തുകളിലായി വനത്തിനോട് അടുത്തായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ പാലപ്പിള്ളി, എച്ചിപ്പാറ, ചൊക്കന, കുണ്ടായി, കാരികുളം, ഇഞ്ചക്കുണ്ട്, കള്ളായി തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുപന്നികൾ, കാട്ടാനക്കൂട്ടങ്ങൾ, മയിൽ, മ്ലാവ്, മാൻ എന്നിവയുടെ ആക്രമണങ്ങളുണ്ട്.

നിലവിൽ പുലിയുടെ സാന്നിധ്യം തിരിച്ചറിഞ്ഞെങ്കിലും പുലിയെ പിടികൂടുന്നതിനുള്ള ശ്രമം ഇതുവരെ വിജയിച്ചിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏഴ് പേരാണ് അവിടെ കാട്ടാന ആക്രമണംമൂലം കൊല്ലപ്പെട്ടത്. അനവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അവിടെ വനം വകുപ്പിൽനിന്നും ലീസിനെടുത്ത് നടത്തുന്ന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ആദിവാസികളുടെയും നിത്യജീവിതവും തൊഴിലുമായും ബന്ധപ്പെട്ട പ്രശ്നങ്ങളൊക്കെ വളരെ സങ്കീർണ്ണമായ അവസ്ഥയിലേക്ക് നീങ്ങിയിരിക്കുകയാണ്. തോട്ടം ഉടമകൾ trenching-ന് അനുമതി ലഭ്യമാക്കാൻ അപേക്ഷ നൽകിയിട്ട് വനം വകുപ്പ് അത് പരിഗണിക്കുന്നില്ല. സർക്കാരിന് ഒരു രൂപപോലും ചെലവില്ലാത്ത ഇക്കാര്യത്തിന് അനുമതി നൽകേണ്ടതാണ്. അതുപോലെതന്നെ Hanging fencing ഉൾപ്പെടെ അവിടെ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനോടുകൂടി ചേർത്തുപറയാനുള്ള മറ്റൊരു പ്രശ്നം, നാടിന്റെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുവേണ്ടി വനം വകുപ്പിന്റെ ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുള്ള നടപടികൾ കാലതാമസം കൂടാതെ നടപ്പാക്കേണ്ടതുണ്ട്

എന്നുള്ളതാണ്. ഇത് വളരെ ഗൗരവമായി കണ്ടുകൊണ്ട് വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ വന്യജീവി ആക്രമണം ഒരു നിത്യ സംഭവമായി തുടരുകയാണ്. അതിന് ഇപ്പോൾതന്നെ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. പരിയാരം, വെള്ളിക്കുളങ്ങര എന്നീ മേഖലകളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിപ്രകാരം 17 കിലോമീറ്റർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അതുപോലെ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 38 ലക്ഷം രൂപ ചെലവിൽ 25 കിലോമീറ്റർ ഫെൻസിംഗ് നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ ഈ ഡിവിഷനുകീഴിലെ പരിയാരം റേയ്ഞ്ചിലെ ചിക്ലായി ഭാഗത്ത് പത്തിയാർ എന്ന സ്ഥലത്ത് നബാർഡ് സ്കീമിലുൾപ്പെടുത്തി എ.ഐ. ക്യാമറകൾ

സ്ഥാപിച്ചിട്ടുണ്ട്. ഡിവിഷൻതലത്തിൽ ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്റർ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചാലക്കുടി ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി രൂപീകരിക്കുകയും സമിതിയിലെ അംഗങ്ങളുമായി കൂടിച്ചേർന്നുകൊണ്ട് പ്രതിരോധപ്രവർത്തനങ്ങൾ നടത്തുകയുമാണ്. കൂടാതെ ഇവിടെ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ട്. 2022-23 കാലയളവിൽ 67 ലക്ഷം രൂപയും 2023-24-ൽ 13 ലക്ഷം രൂപയും 2024-25-ൽ നാളിതുവരെ 43 ലക്ഷം രൂപയും വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ ലിമിറ്റഡ് എന്നീ പ്ലാന്റേഷനുകളിൽ തൊഴിലാളികളുടെ ജോലിസമയം ക്രമീകരിക്കുന്നതിന് കമ്പനി സീനിയർ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശത്തിനനുസരിച്ചുള്ള കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ സി.സി.എഫ്.-നോട് ആവശ്യപ്പെടുന്നതാണ്. അതുപോലെ ഇവിടെ ചൂണ്ടിക്കാണിച്ച കാലതാമസമുൾപ്പെടെയുള്ള കാര്യങ്ങൾ

ചർച്ചയിലൂടെ പരിഹാരം കാണാൻ കഴിയുമെന്നാണ് തോന്നുന്നത്. അതിനുള്ള നടപടികൾ അടിയന്തരമായും സ്വീകരിക്കുന്നതാണ്.

(3) കേന്ദ്ര ഖരമാലിന്യ പരിപാലനചട്ടം

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഖരമാലിന്യ സംസ്കരണ നിയമങ്ങൾ 2024, നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാനാണ് ഈ സബ്മിഷൻ. യൂണിയൻ ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 2025 ഒക്ടോബർ മാസത്തിൽ പ്രാബല്യത്തിൽവരുന്ന ഖരമാലിന്യ സംസ്കരണ നിയമം 2024, സംസ്ഥാന സർക്കാരിന്റെ അധികാരത്തിന്മേലുള്ള ഒരു കടന്നുകയറ്റമാണ്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രതിദിനം നൂറ് കിലോയിലധികം മാലിന്യം ഉൽപാദിപ്പിക്കുന്ന ബൾക്ക് വേസ്റ്റ് ജനറേറ്റർമാരും അവരുടെ മാലിന്യം കൈകാര്യം ചെയ്യുന്ന സേവനദാതാക്കളും യൂണിയൻ ഗവൺമെന്റിന്റെ കേന്ദ്രീകൃത പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് റിപ്പോർട്ട് നൽകണമെന്നാണ് നിയമം പറയുന്നത്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായി മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുമാത്രമല്ല,

എക്സ്റ്റൻഡഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി (EPR) നിയമം നടപ്പാക്കിയപ്പോൾ അവിടെയും എൽ.എസ്.ജി.ഡി.-കളുടെയും സംസ്ഥാന ഗവൺമെന്റിന്റെയും അധികാരമില്ലാതാക്കുന്ന നിലയിലാണ് കേന്ദ്രഗവൺമെന്റ് ഇടപെടുന്നത്. സംസ്ഥാനത്തുതന്നെ ആദ്യമായി തിരുവനന്തപുരത്തെ ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്നിട്ടുള്ള മത്സരത്തിൽ ഇ.പി.ആർ. നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശ്രമം തിരുവനന്തപുരം നഗരസഭ നടത്തിയതാണ്. അന്ന് പ്രസ്തുത നിയമം നമുക്ക് വിഘാതമായിവരുന്ന രീതിയാണ് കണ്ടത്. ഇന്ന് എല്ലാ ഉൽപന്നങ്ങളുടെയും പായ്ക്കറ്റുകളും കുപ്പികളുമൊക്കെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളായി മാറുന്ന ഒരു സന്ദർഭത്തിൽ കമ്പനികൾക്ക് റെസ്പോൺസിബിലിറ്റി നൽകുന്ന ഈ നിയമം നടപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരുവിധ ഇടപെടലും നടത്താൻ കഴിയാത്ത സാഹചര്യമാണ് ഈ നിയമത്തിനകത്തുണ്ടാക്കിയിരിക്കുന്നത്. അതേ മാതൃകയിലാണ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിനകത്തും കേന്ദ്ര ഗവൺമെന്റിന്റെ നിയമം വരുന്നത്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽ ഒരു കടന്നുകയറ്റമായി മാറുകയും എൽ.എസ്.ജി.ഡി.-കൾക്ക്

യാതൊരുവിധ പ്രാധാന്യവുമില്ലാത്ത ഒരു സ്ഥിതിയായിരിക്കും ഉണ്ടാവുക. ഇതിന്റെ ഉത്കണ്ഠ സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ടുള്ള സംസ്ഥാന ഗവൺമെന്റിന്റെയും എൽ.എസ്.ജി.ഡി.-കളുടെയും അധികാരം നിലനിർത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തണമെന്നുള്ളതാണ് പ്രസ്തുത സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കരട് ഖരമാലിന്യ സംസ്കരണ നിയമം 2024, സംസ്ഥാന സർക്കാർ വിശദമായി പരിശോധിച്ച് കേന്ദ്രസർക്കാരിനെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. ബൾക്ക് വേസ്റ്റ് ജനറേറ്റർമാരും അവരുടെ മാലിന്യം കൈകാര്യം ചെയ്യുന്ന സേവനദാതാക്കളും കേന്ദ്രസർക്കാർ പുതുതായി സജ്ജമാക്കുന്ന കേന്ദ്രീകൃത പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് റിപ്പോർട്ട് നൽകണമെന്നാണ് കരട് നിയമത്തിലെ വ്യവസ്ഥ. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം രേഖാമൂലം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാലിന്യ ശേഖരണത്തിന്റെയും ഉറവിട സംസ്കരണത്തിന്റെയും

വിവരങ്ങൾ കേന്ദ്രീകൃത പോർട്ടൽവഴി കേന്ദ്ര സർക്കാർ മോണിറ്റർ ചെയ്യുന്നതിന്റെ പ്രായോഗികതയില്ലായ്മ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ തനതായ ഭൂമിശാസ്ത്രം, കാലാവസ്ഥ തുടങ്ങിയവയും കേരളത്തിൽ പ്രയോഗത്തിലുള്ള പഞ്ചായത്ത്‌രാജ് മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥകളും പരിഗണിച്ചുകൊണ്ടുമാത്രമേ, പുതുതായി ഏതൊരു നിയമവ്യവസ്ഥയും സംവിധാനവും ഏർപ്പെടുത്താനാകൂ എന്നതാണ് കേരളത്തിന്റെ നിലപാട്. കേന്ദ്രസർക്കാർ പുറത്തിറക്കിയ ഖരമാലിന്യ പരിപാലന ചട്ടത്തിലെ എല്ലാവ്യവസ്ഥകളും കേരളത്തിൽ കൃത്യമായി നടപ്പിലാക്കിവരുന്നുണ്ട്. കെട്ടിടനിർമ്മാണ പെർമിറ്റ് നൽകൽ, വ്യാപാര ലൈസൻസ് നൽകൽ തുടങ്ങിയ സമയങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. വൻതോതിലുള്ള മാലിന്യ ഉൽപാദകർക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമാണ്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രത, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ, ശേഷി, നിലവിലുള്ള സംസ്ഥാന നിയമങ്ങൾ എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടും സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലുള്ള

വിഷയമെന്നനിലയിൽ സംസ്ഥാനത്തിന്റെ അധികാരത്തിൽ കൈകടത്താത്ത രീതിയിലും മാത്രമേ പുതിയ ഏത് സംവിധാനവും ഏർപ്പെടുത്താനാകൂയെന്ന് കേരളം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(4) കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്കുള്ള യാത്രാബത്ത

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ നാടിന്റെ ജീവനാഡിയായി പ്രവർത്തിക്കുന്ന ഒട്ടേറെ പ്രവർത്തകരുണ്ട്. ആശാവർക്കർമാരുടെ ബുദ്ധിമുട്ടും സമരവും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ നാടിന്റെ നാഡീഞരമ്പുകളായി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങളെന്നുപറയുന്നത്. അവർക്ക് എത്രരൂപയാണ് യാത്രാബത്തയായോ ഓണറേറിയമായോ ലഭിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാമോ? വെറും നൂറ് രൂപ. അവരുടെ പ്രവർത്തനത്തിന്റെ വ്യാപ്തി എത്രയാണ്? ഗവൺമെന്റ് നടത്തുന്ന എല്ലാപരിപാടികളുടെയും **XXXXX**+ തൊഴിലാളികളായിപ്പോലും അവരെ ഉപയോഗിക്കുകയാണ്. എല്ലാ സർക്കാർ പരിപാടികളും നിറയ്ക്കാൻവേണ്ടി അവരെ ഉപയോഗിക്കുകയാണ്. എല്ലാ

+ സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

പദ്ധതികളുടെയും നടത്തിപ്പിനുവേണ്ടി അവരെ ഉപയോഗിക്കുകയാണ്. ഓരോ ഗ്രാമങ്ങളിലും അവരുടെ പങ്കാളിത്തവും അവരുടെ സാന്നിദ്ധ്യവുംകൊണ്ടാണ് നമ്മുടെ എല്ലാ പ്രോഗ്രാമുകളും നടക്കുന്നത്. കുടുംബശ്രീയുടെ പേരിലാണ് നമ്മൾ ഇത്രയേറെ മഹിമ നടിക്കുന്നത്. അവർക്ക് നൂറുരൂപ യാത്രാബത്തയാണ് ആകെ കൊടുക്കുന്നത് പക്ഷേ അത് കൊടുത്തിട്ട് 14 മാസമായി. എന്തൊരു അപമാനകരമാണ്; മാത്രമല്ല, നിങ്ങൾ മനസ്സിലാക്കേണ്ടത് 15-01-2021-ലെ ബജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവരുടെ യാത്രാബത്ത 500 രൂപയായി പ്രഖ്യാപിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി ഒരു വീഡിയോതന്നെ പുറത്തിറക്കി. പ്രഖ്യാപിച്ച 500 രൂപ കൊടുക്കുന്നതിന് 29-11-2024-ന് ജി.ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. ആ ജി.ഒ. എന്റെ കൈവശമുണ്ട്. നിങ്ങൾ മനസ്സിലാക്കേണ്ടത്, 18367 സി.ഡി.എസ്. അംഗങ്ങളാണ് സംസ്ഥാനത്താകെയുള്ളത്. ഇവർക്ക് 1000 രൂപ വച്ചെങ്കിലും കൊടുത്താൽ 2 കോടി രൂപയുടെ ബാദ്ധ്യതയാണ് സർക്കാരിന് വരുന്നത്. 500 രൂപ കൊടുക്കാമെന്നാണ് സർക്കാർ ഇതുവരെ പറഞ്ഞത്. അത് 1000 രൂപയെങ്കിലും ആക്കണം. അത് കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം.

ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവ് പ്രകാരമുള്ള കാര്യംപോലും എന്ന് കൊടുക്കുമെന്ന് അറിയില്ല. ആദ്യത്തെ നൂറുരൂപപോലും കൊടുത്തിട്ട് 14 മാസമായി. ഇത് എന്ന് കൊടുക്കുമെന്ന് അറിയിക്കണം. ഒറ്റക്കാര്യംകൂടി സൂചിപ്പിക്കാം, ഇത് അതീവ ഗൗരവമായ കാര്യമാണ്. കുടുംബശ്രീ എന്നുപറയുന്ന സംവിധാനം ഇന്ന് ലോകോത്തരമായി കേരളത്തിന് അഭിമാനമുണ്ടാക്കിയ ഒരു സംവിധാനമാണ്. ആ സംവിധാനമുൾപ്പെടെ സാധാരണക്കാർ ബന്ധപ്പെടുന്ന ഏറ്റവും അടിസ്ഥാനവർഗ്ഗത്തെ പൂർണ്ണമായി ഈ ഗവൺമെന്റ് തള്ളുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഈ സംസ്ഥാന സമ്മേളനം എന്നുകൂടി ഓർമ്മിപ്പിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, മറുപടിയിലേക്ക് വരുന്നതിന് മുമ്പ് ഒരു കാര്യം പറയേണ്ടതുണ്ട്. 25-26 വർഷങ്ങൾ കഴിഞ്ഞിട്ടാണെങ്കിലും കുടുംബശ്രീ ലോകോത്തരമാണെന്ന് അംഗീകരിച്ചതിൽ ഞാൻ അദ്ദേഹത്തിനോടുള്ള നന്ദി രേഖപ്പെടുത്തുകയാണ്. കുടുംബശ്രീയെ **XXXXX**+ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ ഇനി കുടുംബശ്രീയെ അംഗീകരിക്കൽ അല്ലാതെ

---
+സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

മാർഗ്ഗമില്ലെന്ന തിരിച്ചറിവ് കൊണ്ടായിരിക്കും ഇപ്പോൾ ലോകോത്തരമെന്ന് അവരുടെ നാവ് കൊണ്ടുതന്നെ പറഞ്ഞത്, വളരെ സന്തോഷകരമായ കാര്യമാണത്. അതേസമയം ഒരു നിന്ദാസ്തുതിയാണ് യഥാർത്ഥത്തിൽ......

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പോയിന്റ് ഓഫ് ഓർഡർ (മൈക്ക് ഓഫ്)

ചെയർപേഴ്സൺ: നോ....നോ... സബ്മിഷനിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല. സബ്മിഷൻ കഴിയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം ഒരു പരാമർശം പിൻവലിക്കണം........ (ബഹളം).... സർ, ഇതെന്താണ്.... (ബഹളം) ഒരു പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിക്കണം. **XXXX**+ തൊഴിലാളികളാണെന്ന് പറഞ്ഞ് കുടുംബശ്രീയുടെ 48 ലക്ഷം അംഗങ്ങളെ അദ്ദേഹം അപമാനിച്ചിരിക്കുകയാണ്. ആ പരാമർശം പിൻവലിക്കണം. അത് രേഖകളിൽ ഉണ്ടാകാൻ പാടില്ല. ഒരേസമയം നിങ്ങൾ ലോകത്തരമാണെന്ന് പറയുമ്പോൾത്തന്നെ ഉള്ളിന്റെയുള്ളിലുള്ള മനോഭാവമാണ് പുറത്തുവരുന്നത്.

---

+സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

സർ, കേരളത്തിലെ സ്ത്രീജീവിതത്തെ കുടുംബശ്രീക്ക് മുമ്പും ശേഷവുമെന്ന് ചരിത്രം വേർതിരിക്കും. കുടുംബശ്രീക്ക് ശേഷം കേരളത്തിലെ സ്ത്രീജീവിതം സാമൂഹികമായി സാമ്പത്തികമായി സാംസ്കാരികമായി രാഷ്ട്രീയമായെല്ലാം ശാക്തീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആ ശാക്തീകരണത്തിന് കാരണക്കാരായ കുടുംബശ്രീയിലെ അംഗങ്ങളെയാണ് XXXX+ ആക്ഷേപിച്ചിരിക്കുന്നത്, അത് രേഖകളിൽ ഉണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ചെയർപേഴ്സൺ</u>: അക്കാര്യം പരിശോധിക്കാം.

<u>ശ്രീ. എം. ബി. രാജേഷ്</u> : സർ, പറഞ്ഞത് യാഥാർത്ഥ്യമല്ലേയെന്നാണ് വിളിച്ച് ചോദിക്കുന്നത്. ഇതാണ് മനോഭാവം കുടുംബശ്രീയോടും സ്ത്രീകളോട് തന്നെയുള്ള മനോഭാവവും ഇതാണ്. സ്ത്രീകളോടുള്ള മനോഭാവമാണീക്കാണിക്കുന്നത്. 29-11-2024-ലെ സർക്കാർ ഉത്തരവ് നമ്പർ 116 പ്രകാരം സി.ഡി.എസ്. ചെയർപേഴ്സൺ ഒഴികെയുള്ള സി.ഡി.എസ്. അംഗങ്ങളുടെ യാത്രാബത്ത 2022 ജനവരി മാസം മുതൽ 500 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2025 ജനവരി മുതൽ

+സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

സി.ഡി.എസ്. അംഗങ്ങൾക്ക് പ്രതിമാസം 500 രൂപ യാത്രാബത്ത നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15-02-2025-ലെ 1015/എം/2022 കെ.എസ്.എച്ച്.ഒ. നമ്പർ സർക്കുലർ പ്രകാരം കുടുംബശ്രീ ജില്ലാ മിഷനുകൾക്ക് നിർദ്ദേശം നൽകി. ഈ ആവശ്യത്തിനായി 2,75,49,000/- രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകി. 79,02,000/- രൂപ ജില്ലകളിൽനിന്ന് സി.ഡി.എസ്.-കൾക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക വിതരണംചെയ്യുന്നതിനുള്ള നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരികയാണ്. 15-01-2021-ലെ ബജറ്റ് പ്രസംഗത്തെത്തുടർന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05-12-2023-ലെ സർക്കുലർ പ്രകാരം സി.ഡി.എസ്. തനത് ഫണ്ടിൽനിന്ന് സി.ഡി.എസ്. അംഗങ്ങൾക്ക് യാത്രാബത്ത നൽകുന്നതിനും സർക്കാർ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടവ് വരുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2021-ലാണ് യാത്രാബത്ത വർദ്ധിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട അംഗം തന്നെ ഇവിടെപ്പറഞ്ഞു. യാത്രാബത്ത വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണെന്ന കാര്യം അദ്ദേഹത്തിനുതന്നെ സമ്മതിക്കേണ്ടി വന്നിരിക്കുകയാണ്. ലോകോത്തരമെന്ന്

കുടുംബശ്രീയെ ഇപ്പോൾ വാഴ്ത്തുന്നവരാരും ഇത് ചെയ്തിട്ടില്ല. തനത് ഫണ്ടുള്ള മുഴുവൻ സി.ഡി.എസ്.- കളിലും ഇപ്രകാരം യാത്രാബത്ത തുടർച്ചയായി നൽകിവരുന്നുണ്ട്. 2022 ജനുവരി മാസം മുതൽ 2024 ഡിസംബർ വരെയുള്ള യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനാവശ്യമായ തുക 2024-25 സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, XXXXXX+ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി പറഞ്ഞു. ജനശ്രീയെന്നത് ഒരു സ്വയം സഹായസംഘമാണ്. സമാനമായ വിവിധ സംഘടനകൾക്ക് ഇത്തരത്തിലുള്ള സംഘങ്ങളുണ്ട്. എത്രയോ സമുദായങ്ങൾക്കും സംഘടനകൾക്കുമുണ്ട്.....

ചെയർപേഴ്സൺ: ശരി, എന്താണ് പോയിന്റ് ഓഫ് ഓർഡർ?

+സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ജനശ്രീ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണ്. ജനശ്രീയെക്കുറിച്ച് മന്ത്രി നടത്തിയ അപകീർത്തികരമായ പരാമർശം സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.

ചെയർപേഴ്സൺ: അക്കാര്യം പരിശോധിക്കാം.

ശ്രീ. എം. ബി. രാജേഷ്: സർ, കുടുംബശ്രീ അംഗങ്ങൾ **XXXX**+ പരാമർശവും രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

ചെയർപേഴ്സൺ: അക്കാര്യവും പരിശോധിക്കാം.

(5) ആർ. ടി. ഓഫീസ് കെട്ടിട നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, ഏറെ ജനത്തിരക്കുള്ളതും തടിവ്യവസായത്തിന്റെ കേന്ദ്രവുമായ പെരുമ്പാവൂരിൽ സബ് ആർ. ടി. ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ട് നാല് പതിറ്റാണ്ട് തികഞ്ഞിട്ടും ഇപ്പോഴും സ്വന്തമായൊരു കെട്ടിടമോ വാഹനപരിശോധനയ്ക്കുള്ള സ്ഥലമോ ലഭ്യമല്ലായെന്നത് ഏറെ ദൗർഭാഗ്യകരമാണ്. പ്രതിദിനം നൂറിൽപ്പരം വാഹനങ്ങൾ പരിശോധനയ്ക്കും നൂറോളം പേർ ഡ്രൈവിംഗ് സംബന്ധമായ

+സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്

ടെസ്റ്റുകൾക്കുമായി നിരന്തരമെത്തിക്കൊണ്ടിരിക്കുന്ന പെരുമ്പാവൂരിലെ ഓഫീസാണ് ഈ മേഖലയിലെ മോട്ടോർ വാഹനവകുപ്പിന്റെ ഏറ്റവും തിരക്കേറിയ ഓഫീസ്. മറ്റൊരു സ്ഥലവും ലഭ്യമാകാത്തതിനാൽ തിരക്കേറിയ ആലുവ-മൂന്നാർ പാതയിലെ ഗതാഗതത്തെപ്പോലും ബാധിക്കുന്ന രീതിയിലാണ് ഇപ്പോൾ പരിശോധനയ്ക്ക് വരുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. ഇത് അനാവശ്യമായ ബ്ലോക്കുകൾക്കും അപകടങ്ങൾക്കും കാരണമാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഡ്രൈവിംഗ് സ്കൂളുകൾ വാടകയ്ക്കെടുത്ത് നടത്തുന്ന സ്ഥലത്താണ് ഇന്ന് ഈ ടെസ്റ്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നിന്നുതിരിയാൻ പോലും സൗകര്യമില്ലാത്ത ഇവിടെ ഇരുപത്തഞ്ചോളം ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത് വളരെ ശോചനീയമായ സാഹചര്യത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുതിയ നിർദ്ദേശമനുസരിച്ചുള്ള നിലവാരമുള്ള പരിശോധന ഉറപ്പുവരുത്തുന്ന ഡ്രൈവിംഗ് ടെസ്റ്റിംഗ് കം വെഹിക്കിൾ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായാണ് മോട്ടോർ വാഹനവകുപ്പ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇതിനായി രണ്ടര ഏക്കറോളം സ്ഥലമാണ് ചട്ടപ്രകാരം ആവശ്യമുള്ളത്. ഇപ്പോൾ വാഹനപരിശോധന നടത്തുന്ന റോഡിനോട് ചേർന്ന്

വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാരിന്റെ തന്നെ ഉടമസ്ഥതയിലുള്ള പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ഈ ആവശ്യത്തിന് അനുയോജ്യവും പൊതുജനങ്ങൾക്ക് ഏറെ സൗകര്യപ്രദവുമാണ്. അതുകൊണ്ട് സുരക്ഷിതമായ ഭാവിയെക്കരുതി മെച്ചപ്പെട്ട നിലവാരത്തിലുള്ള വാഹനപരിശോധനകളും ഡ്രൈവിംഗ് ടെസ്റ്റുകളും നടത്തുവാൻ ഈ സ്ഥലം അനുവദിച്ച് തരണമെന്ന് ആവശ്യപ്പെടുന്നു. ഇപ്രകാരം സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ അവിടെ കെട്ടിടം പണിയാനാവശ്യമായ തുക എം.എൽ.എ. ഫണ്ടിൽ നിന്ന് വകയിരുത്താവുന്നതാണ്. ഈ ആവശ്യം മുൻപും ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഈ സബ്മിഷൻ അനുവദിച്ച് തരണമെന്ന് ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് വക സൗത്ത് ബ്ലോക്ക് ക്വാർട്ടേഴ്സ് ഏരിയയിൽ മെക്കാനിക്കൽ സബ് ഡിവിഷന് ചേർന്നുള്ള 49.7 സെന്റ് ഭൂമി, ആലുവ–മൂന്നാർ റോഡിനോട് ചേർന്ന് നിലവിൽ ഉപയോഗരഹിതമായ സ്റ്റോർ കെട്ടിടം സ്ഥിതി ചെയ്യുന്ന 30.33 സെന്റ് ഭൂമി എന്നിവ പെരുമ്പാവൂർ സബ് ആർ. ടി.

ഓഫീസിന് അനുവദിക്കാവുന്നതാണെന്ന് പെരിയാർ വാലി ഐ. പി. ഡിവിഷനിലെ എക്സിക്യൂട്ടിവ് എഞ്ചിനിയർ ശിപർശ ചെയ്തിരുന്നു. എന്നാൽ ഇതിൽ പരാമർശിക്കുന്ന 49.7 സെന്റ് ഭൂമി പെരുമ്പാവൂർ ജുഡീഷ്യൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നതിനാൽ അത് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പെരുമ്പാവൂർ സബ് ആർ. ടി. ഓഫീസിന് പരിഷ്കരിച്ച ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ വക സ്ഥലം അനുവദിക്കാൻ വീണ്ടും അപേക്ഷ നൽകി. എന്നാൽ, പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് റീവാമ്പിംഗിനായി 477 കോടി രൂപയുടെ പദ്ധതി നബാർഡിലുൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി കനാലിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണും മറ്റും സംഭരിക്കുന്നതിന് ഈ സ്ഥലം ആവശ്യമുണ്ടെന്ന കാരണത്താൽ പ്രസ്തുത അപേക്ഷ നിരാകരിച്ചു. പെരുമ്പാവൂർ റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാണോയെന്നറിയാൻ കുന്നത്തുനാട് തഹസിൽദാരോട് ആവശ്യപ്പെട്ടിരുന്നു. എം. സി. റോഡിലെ മലമുറി ബസ് സ്റ്റോപ്പിൽ നിന്നും ഏകദേശം 200 മീറ്റർ

ഉള്ളിലേക്ക് മാറി നിർമ്മല സ്കൂളിന് സമീപത്തായി ബ്ലോക്ക് 19- ൽ സർവ്വെ നമ്പർ 814-ൽ 51 ആർ റവന്യൂ ഭൂമി ബി.ടി.ആർ. പ്രകാരം നിലവിലുള്ളതായി തഹസിൽദാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പെരുമ്പാവൂർ സബ് ആർ. ടി. ഓഫീസിനായി അനുവദിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് 27-09-2024-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഗതാഗത വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം തീർച്ചയായും പരിഗണിക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം കൂടി എറണാകുളം ജില്ലാ കളക്ടറുമായി സംസാരിച്ച് പ്രസ്തുത ഭൂമി ലഭ്യമാക്കാനായി മുൻകൈയെടുത്താൽ ഉടൻതന്നെ നമുക്ക് ആരംഭിക്കാവുന്നതാണ്.

## (6) മിഠായി പദ്ധതി ക്ലിനിക്കിന് ഉപകേന്ദ്രം

ശ്രീമതി കെ. കെ. രമ: സർ, വടകര, കുറ്റ്യാടി, നാദാപുരം, ആയഞ്ചേരി, അഴിയൂര്, പയ്യോളി ഉൾപ്പെടെയുള്ള മേഖലകളിൽ കുട്ടികളിലെ ടൈപ്പ് 1 പ്രമേഹ രോഗത്തിനുള്ള മിഠായി പദ്ധതിയുടെ ഉപകേന്ദ്രം ആരംഭിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ടൈപ്പ് 1 പ്രമേഹം കുട്ടികളുടെ ഇടയിൽ വർദ്ധിച്ചു വരുകയാണ്. വടകര മേഖലയിൽ മാത്രം ഏകദേശം 135

കുട്ടികൾ ടൈപ്പ് 1 പ്രമേഹ ബാധിതരാണ്. അതിൽ 85 കുട്ടികളാണ് മിഠായി പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്നത്. 50 കുട്ടികൾ ഇപ്പോഴും പദ്ധതിക്ക് പുറത്താണ്. ഈ കുട്ടികൾക്ക് ഇൻസുലിനും സ്ട്രിപ്പും സിറിഞ്ചുമൊക്കെ വാങ്ങുന്നതിന് വലിയ തുകയാണ് നൽകേണ്ടിവരുന്നത്. അതുമാത്രമല്ല, മിഠായി പദ്ധതിവഴിയുള്ള ഇഞ്ചക്ഷൻ ലഭിക്കണമെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ പോകേണ്ടി വരുന്നു. ഏകദേശം രണ്ടര മണിക്കൂർ സഞ്ചരിച്ചാൽ മാത്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്താൻ സാധിക്കുന്നത്. വടകര മേഖലയിലുള്ള കുട്ടികളും അവരുടെ രക്ഷിതാക്കളും അത്രയും ദൂരം യാത്രചെയ്യേണ്ടിവരുന്നത് വഴി വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. അതിനുള്ള പരിഹാരമെന്ന നിലയ്ക്ക് വടകര ജില്ലാആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. മിഠായി പദ്ധതിയിലെ ഇൻസുലിൻ ലഭിക്കാൻ ഇപ്പോൾ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. കഴിഞ്ഞ ആറ് മാസമായി കുട്ടികൾക്ക് ഇൻസുലിൻ ലഭ്യമാകുന്നില്ല. ഏകദേശം ഇരുപത്തിരണ്ടായിരത്തിലധികം രൂപ നൽകി ഇൻസുലിനും സ്ട്രിപ്പുമൊക്കെ

പുറത്തുനിന്ന് വാങ്ങേണ്ട സാഹചര്യമാണുള്ളത്. സ്കൂളിൽ പഠിക്കുന്ന ഈ കുട്ടികൾ മൂന്നും നാലും നേരമൊക്കെ ഇൻസുലിൻ എടുക്കേണ്ടി വരുന്നു. അവരുടെ രക്ഷിതാക്കൾക്ക് ജോലിക്ക് പോകാൻ പോലും സാധിക്കാത്ത വളരെ ഗുരുതരമായ സാഹചര്യമാണ് നിലവിലുള്ളത്. ഇത്രയും ദൂരം സഞ്ചരിച്ച് ഇവ വാങ്ങുകയെന്നത് വലിയ ബുദ്ധിമുട്ടാണ്. അതിനാൽ വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഉപകേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന മിഠായി പദ്ധതിയുടെ കീഴിൽ ഓരോ ജില്ലയിലും ഒന്ന് വീതം സംസ്ഥാനത്താകെ 14 മിഠായി ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലായി 5 മെയിൻ ക്ലിനിക്കുകളും മെയിൻ ക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകളിലെ ആശുപത്രികളിൽ 9 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജ്,

എറണാകുളം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ, ഗവൺമെന്റ് വിക്ടോറിയ ഹോസ്പിറ്റൽ, കൊല്ലം, ഗവൺമെന്റ് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, കോഴഞ്ചേരി, പത്തനംതിട്ട, ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ഇടുക്കി, ഗവൺമെന്റ് വിമെൻ & ചിൽഡ്രൻ ഹോസ്പിറ്റൽ പാലക്കാട്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ പെരിന്തൽമണ്ണ, ജനറൽ ഹോസ്പിറ്റൽ കൽപ്പറ്റ, വയനാട്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട്, കാസർഗോഡ് എന്ന നിലയിലാണ് സാറ്റലൈറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. മിഠായി പദ്ധതിയുടെ മെയിൻ സെന്ററുകൾ എല്ലാദിവസവും, സാറ്റലൈറ്റ് സെന്ററുകൾ രണ്ടാഴ്ചയിലൊരിക്കലുമെന്ന നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. മെയിൻ സെന്ററുകളിലെന്നപോലെ സാറ്റലൈറ്റ് സെന്ററുകളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ആവശ്യമാണ്. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള മെയിൻ സെന്ററിൽ ആകെ 209 കുട്ടികളാണ് ഗുണഭോക്താക്കളായിട്ടുള്ളത്. ഒരു സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിന് 1,50,000 മുതൽ 2,00,000 രൂപ വരെ പ്രതിമാസം ചെലവ് വരുന്നുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ആരോഗ്യവകുപ്പാണ്

നൽകിവരുന്നത്. മിഠായി പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ചത് മൂന്ന് കോടി എൺപതുലക്ഷം (3,80,00,000/-) രൂപയാണ്. മരുന്നുകൾ, ഇൻസുലിൻ പമ്പ്, പമ്പ് കൺസ്യൂമബിൾസ് എന്നിവ വാങ്ങുന്നതിനും, സ്റ്റാഫ് സാലറി, മെയിൻ ക്ലിനിക്കുകളുടെ നടത്തിപ്പാവശ്യങ്ങൾ, മിഠായി വെബ്സൈറ്റ് മുതലായവയ്ക്കാണ് ഈ തുക ചെലവഴിക്കുന്നത്. പതിനാല് ജില്ലകളിലും ഓരോ മിഠായി സേവനകേന്ദ്രം എന്ന നിലയിലാണ് ഇപ്പോൾ മുന്നോട്ട് കൊണ്ടുപോകുന്നത്. സർക്കാരിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പണം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ആവശ്യകത കൂടി പരിശോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിശോധനയിൽ ഉൾപ്പെടുത്തുന്നതാണ്.

### (7) ഭാരതപ്പുഴയ്ക്കുകുറുകെ തകർന്ന് കിടക്കുന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റാൻ നടപടി

ശ്രീ. പി. മമ്മിക്കുട്ടി: സർ, പഴയ കൊച്ചിയും മലബാറും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായിരുന്ന ഷൊർണ്ണൂർ-ചെറുതുരുത്തി ബന്ധപ്പെട്ടുകൊണ്ടുള്ള കൊച്ചി പാലം. പഴയ പാലം തകർന്നിട്ട് 20

വർഷത്തിലധികമായി. അന്ന് ഇരുമ്പുകൊണ്ടും റെയിൽ കൊണ്ടും മാത്രം നിർമ്മിക്കപ്പെട്ട പാലമായതുകൊണ്ട് തകർന്നുപോയ പാലത്തിന്റെ അംശങ്ങൾ ഭാരതപ്പുഴയിലെ നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാത്രമല്ല അവിടേക്ക് മാലിന്യങ്ങൾ അടിഞ്ഞ് കുമ്പാരമാകുന്നതിന്റെ ഭാഗമായി ശുദ്ധജലവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങളും വരുന്നു. താഴെ ഒട്ടേറെ കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് തകർന്നുപോയ പാലത്തിന്റെ അംശങ്ങൾ പൊളിച്ചുനീക്കണം. രണ്ടാമത് ഷൊർണ്ണൂർ മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഡെവലപ്മെന്റ് ലോൺ സ്കീമിൽ 20 കോടി രൂപ അനുവദിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തകർന്നുപോയ പാലത്തിന്റെ ഭിത്തികൾ കൂടി പൊളിച്ചുമാറ്റിയാൽ മാത്രമേ അവിടെ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളൂ. മാത്രമല്ല വർഷകാലമാകുമ്പോൾ നീരൊഴുക്ക് തടയുകയും മാലിന്യങ്ങളും മരങ്ങളും വന്ന് കുമിഞ്ഞുകൂടിയതിന്റെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്കത്തിന്റെ സാധ്യതയും വർധിക്കുന്നുണ്ട്. ഇതുമാത്രമല്ല നമ്മൾ ഇപ്പോൾ കേരളത്തിന്റെ ഏത് റോഡിലൂടെ സഞ്ചരിക്കുമ്പോഴും മനോഹാരിതമായ പശ്ചാത്തല സൗകര്യങ്ങൾ

കാണാം. റോഡുകൾ അതുപോലെ പാലങ്ങൾ എല്ലാം നിർമ്മിക്കപ്പെട്ട് ആ മനോഹാരിതയിൽ നിൽക്കുന്ന ഈ സംസ്ഥാന പാതയുമായി ബന്ധപ്പെട്ടുകൊണ്ട് ഷൊർണ്ണൂരിൽ നിന്ന് ചെറുതുരുത്തിയിലേക്കോ ചെറുതുരുത്തിയിൽ നിന്ന് ഷൊർണ്ണൂരിലേക്കോ യാത്ര ചെയ്യുന്ന ആൾക്ക് തകർന്നുപോയ പാലത്തിന്റെ അംശങ്ങൾ, ഭാരതപ്പുഴയിൽ പതിച്ച് കിടക്കുന്ന ദൃശ്യം പൊതുവെ കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ മനോഹാരിതയ്ക്കുകൂടി പ്രതികൂലമായൊരു അവസ്ഥ സൃഷ്ടിക്കപ്പെടുന്നുണ്ട്. അതുകൊണ്ട് എത്രയും വേഗം ഈ പാലത്തിന്റെ അംശങ്ങൾ പൊളിച്ചുമാറ്റി അവിടെ വൃത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് വിനയപുരസരം അഭ്യർഥിക്കാനുള്ളത്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി. പഴയ പുലാമന്തോൾ പാലത്തിലും സമാനമായ വിഷയമുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അങ്ങയുടെ മണ്ഡലത്തെക്കൂടി കോട്ട് ചെയ്ത് മറുപടി പറയാമെന്ന് വിചാരിച്ചതാണ്. ഭാരതപ്പുഴയ്ക്ക് കുറുകെ 110 വർഷം മുമ്പ് നിർമ്മിച്ച പാലമാണ്

ബഹുമാന്യനായ ശ്രീ. പി. മമ്മിക്കുട്ടി എം.എൽ.എ. ഇവിടെ ചൂണ്ടിക്കാട്ടിയ പഴയ കൊച്ചി ചെറുതുരുത്തി പാലം. ഈ പാലത്തിന് അപ്പുറം ചേലക്കര മണ്ഡലമാണ്. ഇത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. നാല് സ്പാനുകൾ പുഴയിൽ വീണുകിടക്കുന്നുണ്ട്. ഇതിന്റെ അപകടാവസ്ഥ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള നിലപാട് കൈക്കൊണ്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അപകട സാധ്യത പരിഗണിച്ച് പാലം ഏത് രീതിയിൽ പൊളിച്ച് നീക്കണമെന്നകാര്യത്തിൽ തീരുമാനമെടുക്കാൻ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ചെയർമാനായി ഒരു നാലംഗ സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 2025 ഫെബ്രുവരി 17-ന് സ്ഥലം സന്ദർശിച്ച് കാര്യങ്ങൾ പരിശോധിച്ചു. സമിതി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞാൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാം. അങ്ങിവിടെ ചൂണ്ടിക്കാട്ടിയ പുലാമന്തോൾ പാലത്തിനും പ്രശ്നമുണ്ട്. ഈ പ്രദേശമെല്ലാം അങ്ങയുടെ മണ്ഡലത്തിന്റെയും അത്ര ദൂരമല്ലാത്ത പ്രദേശമാണ്, അതുകൂടി പരിശോധിക്കാം.

(8) അമ്പലപ്പുഴ എൻ.എച്ച്.66-ൽ അടിപ്പാത നിർമ്മാണം.

ശ്രീ. എച്ച്. സലാം: സർ, അമ്പലപ്പുഴ മണ്ഡലത്തിലൂടെ നാഷണൽ ഹൈവെ കടന്ന് പോകുന്നത് 20 കിലോമീറ്റർ ദൂരത്തിലാണ്. 2020-ൽ ഹൈവെ നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുമ്പോൾ പ്രാദേശികമായ പ്രത്യേകതകൾ ഒന്നും കണക്കിലെടുക്കാതെയാണ് തയ്യാറാക്കപ്പെട്ടത്. തോട്ടപ്പള്ളി ഹാർബർ, മെഡിക്കൽ കോളേജ് ആശുപത്രി കവാടം, തീരദേശ ഹൈവെ കയറുന്ന സ്ഥലം എന്നിവപോലും ഡി.പി.ആർ. തയ്യാറാക്കിയപ്പോൾ പരിഗണിക്കപ്പെട്ടിരുന്നില്ല. അങ്ങയുടെകൂടി ഇടപെടലിനെത്തുടർന്ന് കുറേ ആവശ്യങ്ങൾ നാഷണൽ ഹൈവെ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാലും ഇപ്പോഴും പ്രശ്നങ്ങൾ അവശേഷിക്കുകയാണ്. തീരദേശ ഹൈവെ എൻ.എച്ച്. 66-മായി ബന്ധിപ്പിക്കുന്ന പുറക്കാട് പഞ്ചായത്തിലെ പായൽകുളങ്ങരയിൽ അണ്ടർപാസ് ഇല്ല. എൻ.എച്ച്.-ഉം കടലുമായി 150 മീറ്റർ മാത്രം അകലമുള്ള സ്ഥലമാണ്. സുനാമി വന്നപ്പോൾ ഏറ്റവും കൂടുതൽ പേരെ മാറ്റി പാർപ്പിക്കേണ്ടി വന്ന പഞ്ചായത്താണ് പുറക്കാട് പഞ്ചായത്ത്. ഇതിന് സമാനമായ പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടായാൽ ജനങ്ങളെ രക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ്

ഉണ്ടാകാൻ പോകുന്നത്. വളഞ്ഞവഴി എസ്.എൻ.കവല കുട്ടനാട്ടിലേക്കുള്ള കവാടമാണ്. ചമ്പക്കുളം വഴി ചങ്ങനാശ്ശേരിയിലേക്കും പടഹാരം വഴി തിരുവല്ലയിലേക്കുമുള്ള പ്രധാനപ്പെട്ട പാതയുടെ കവാടമാണ്. ഇവിടെയും അണ്ടർപാസ് നിർണ്ണയിച്ചിട്ടില്ല. വണ്ടാനം മെഡിക്കൽകോളേജ് ആശുപത്രിക്ക് മുമ്പിൽ അണ്ടർപാസോ ഉയര പാതയോ ഡി.പി.ആർ.-ൽ ഉണ്ടായിരുന്നില്ല. അങ്ങയുടെ ഇടപെടലിന്റെകൂടി ഭാഗമായി 12.50 മീറ്റർ വീതിയിൽ അണ്ടർപാസ് അനുവദിച്ചിട്ടുണ്ട്. ആശുപത്രിയിൽ മൂവായിരത്തിലധികം രോഗികളാണ് ഒ.പി.-യിൽ വരുന്നത്. ഇതിനോട് ചേർന്ന് എസ്.ഡി.വി. സ്കൂളിൽ 1500 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ രണ്ട് ഇൻസ്റ്റിറ്റ്യൂഷന്റെ ഭാഗമായി ദിവസേന ഏതാണ്ട് 5000-ൽ അധികം ആളുകൾ എത്തിച്ചേരുന്ന ഏറ്റവും തിരക്കുള്ള ഈ ജങ്ഷനിൽ ആംബുലൻസ് ഉൾപ്പെടെ മറ്റെല്ലാം വന്നുചേരുന്ന സ്ഥലമാണ്. അവിടെ അപകടരഹിതമാക്കാൻ അല്പം വീതികൂട്ടി ഉയരപാത ഉണ്ടാകുക എന്നത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഇവിടെ പല സ്ഥലത്ത് 100 ദിവസത്തിലധികമായി ജനകീയ സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ഈ പ്രധാനപ്പെട്ട പോയിന്റുകൾ വളരെ

അനിവാര്യമായി ഉണ്ടാകേണ്ടതാണ്. ജനങ്ങളുടെ പ്രയാസം പരിഹരിക്കാൻ പായിക്കുളങ്ങര ജങ്ഷൻ, വളഞ്ഞവഴി എസ്.എൻ. കവല എന്നിവിടങ്ങളിൽ പുതിയ അണ്ടർ പാസ് നിർമ്മിക്കുന്നതിനും ആശുപത്രിക്ക് മുന്നിൽ വീതികൂട്ടിയുള്ള ഉയരപാത നിർമ്മിക്കാനാവശ്യമായ ഇടപെടൽ എൻ.എച്ച്.-മായി ചേർന്ന് നടത്തണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എൻ.എച്ച്.66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുമാന്യനായ ശ്രീ. എച്ച്. സലാം പ്രതിനിധാനം ചെയ്യുന്ന അമ്പലപ്പുഴ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ചില ആവശ്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അമ്പലപ്പുഴ നിയോജകമണ്ഡലത്തിന്റെ പ്രദേശങ്ങളിൽ അടിപ്പാതയും മേൽപ്പാലവും വേണമെന്ന ആവശ്യം നിരവധി തവണ ബഹുമാന്യനായ ശ്രീ. എച്ച്. സലാം ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ദേശീയപാത അതോറിറ്റിയാണ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റ് വരുന്നതിന് മുമ്പുതന്നെ അതിന്റെ ഭാഗമായുള്ള അത്തരം പ്രക്രിയകൾ നടന്നിരുന്നുവെങ്കിലും എം.പി.-മാരും

എം.എൽ.എ.-മാരും മറ്റ് ജനപ്രതിനിധികളും ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനാണ് പൊതുമരാമത്ത് വകുപ്പ് ശ്രമിച്ചിട്ടുള്ളത്. വകുപ്പ് ശ്രമിക്കുന്നതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പല നിലയിലും ഇത്തരം വിഷയങ്ങളിൽ ഇടപെട്ടിരുന്നു. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തോട്ടപ്പള്ളി, പായൽകുളങ്ങര, കച്ചേരിമുക്ക്, വളഞ്ഞവഴി, എസ്.എൻ.കവല, മെഡിക്കൽകോളേജ് ആശുപത്രി ജങ്ഷൻ, പറവൂർ ജങ്ഷൻ, ആലപ്പുഴ ഇ.സ്.ഐ. ജങ്ഷൻ, കളർകോട് ജങ്ഷൻ എന്നീ സ്ഥലങ്ങളിലെ പ്രശ്നങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എച്ച്. സലാം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. അതാത് സമയത്തുതന്നെ ഇക്കാര്യങ്ങൾ എൻ.എച്ച്.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ചില ആവശ്യങ്ങൾ നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവെ, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻവശം, പറവൂർ ജങ്ഷൻ, അമ്പലപ്പുഴ കച്ചേരിമുക്ക് ജങ്ഷൻ എന്നിവിടങ്ങളിലെ ആവശ്യം ദേശീയപാത

അതോറിറ്റി പരിഗണിക്കുകയും അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. പായൽകുളങ്ങരയിലും വളഞ്ഞവഴി എസ്.എൻ.കവലിയിലും അടിപ്പാത വേണമെന്നാണ് ഈ സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ളത്. മെഡിക്കൽകോളേജ് ആശുപത്രി ജങ്ഷനിൽ അടിപ്പാതയ്ക്ക് പകരം ഫ്ലൈഓവർ എന്ന ആവശ്യവും ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യങ്ങൾ ഒരിക്കൽക്കൂടി അടിയന്തരമായി നാഷണൽ ഹൈവെ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഇടപെടൽ നടത്തുന്നതായിരിക്കും. ഇത്തരം വിഷയങ്ങൾ നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വരുന്നുണ്ട്. അതെല്ലാം പരിഹരിക്കാൻ സാധ്യമാകുന്ന നിലയിൽ വളരെ ആത്മാർഥമായിതന്നെ പൊതുമരാമത്ത് വകുപ്പും സംസ്ഥാന സർക്കാരും ഇടപെടുന്നുണ്ട്. അത് പരിഹരിച്ച് പോകാനുള്ള ശ്രമമാണ് നടത്തുന്നത്. ഒരു ഭാഗത്ത് ദേശീയ പാതയുടെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള ആത്മാർത്ഥമായ ശ്രമത്തോടൊപ്പം ഇത്തരം വിഷയങ്ങളും പരിഹരിക്കാനുള്ള ശ്രമം തുടരുമെന്നുള്ളത് സഭയെ അറിയിക്കുകയാണ്.

## (9) ഫോറൻസിക് സർജന്മാരുടെ തസ്തിക സൃഷ്ടിക്കൽ

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടക്കുന്നത് കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിൽ മാത്രമാണെന്ന് ബഹുമാന്യയായ മന്ത്രിക്കും മറ്റ് അംഗങ്ങൾക്കും അറിയാവുന്നതാണ്. സഭയ്ക്കകത്തും പുറത്തും നടത്തിയ നിരന്തര പോരാട്ടത്തിന്റെ ഫലമായാണ് ഇത് സാധിതപ്രായമായത്. 2022 മാർച്ച് ഒന്ന് മുതൽ 24 മണിക്കൂർ പോസ്റ്റ്മോർട്ടം കാസർഗോഡ് ജില്ലയിലെ ജനറൽ ആശുപത്രിയിൽ ആരംഭിച്ചു. അതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി ജഡ്ജിയുടെ വിധിന്യായത്തിലെ ചില കാര്യങ്ങൾ ഞാനിവിടെ പരാമർശിക്കാനാഗ്രഹിക്കുന്നു. " According to my considered view, it is the duty of the State to complete the legal formalities forthwith if an unnatural death happened. The officials of the Government should hand over the dead body to the kith and kin of the deceased person immediately" എന്നാണ് വിധിന്യായത്തിൽ പറഞ്ഞിരുന്നത്. നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റുമോർട്ടം നിർവിഘ്നം

നടക്കുന്നില്ലെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ ഒരു തസ്തിക മാത്രമേയുള്ളൂ. ടാറ്റാ ആശുപത്രിയിലെ ഫോറൻസിക് ബിരുദമുള്ള അസിസ്റ്റന്റ് സർജനെ ജോലി ക്രമീകരണാർഥം നിയമിച്ചാണ് 24 മണിക്കൂർ പോസ്റ്റുമോർട്ടം നടക്കുന്നത്. ആ ഡോക്ടർ വ്യക്തിപരമായ കാരണങ്ങളാൽ അഞ്ച് ആഴ്ചയായി അവധിയിലായതിനാൽ 24 മണിക്കൂർ പോസ്റ്റുമോർട്ടം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നു. 24 മണിക്കൂർ പോസ്റ്റുമോർട്ടം തടസ്സമില്ലാതെ നടക്കണമെങ്കിൽ ഫോറൻസിക് സർജന്റെ 3 അധിക തസ്തികകൂടി കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൃഷ്ടിക്കണം. ഏഴ്, എട്ട് ഫോറൻസിക് സർജന്മാരും ഏഴ്, എട്ട് പി. ജി. ഡോക്ടർമാരുമുള്ള മെഡിക്കൽ കോളേജുകളിൽപോലും ഇന്ന് 24 മണിക്കൂർ പോസ്റ്റുമോർട്ടം ഇല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നമുക്ക് ലഭിച്ച അപൂർവ സംവിധാനമാണ് 24 മണിക്കൂർ പോസ്റ്റുമോർട്ടം. ആ സംവിധാനത്തെ സർക്കാർ തല്ലിത്തകർക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ജീവനക്കാരെ ഡിപ്ലോയ്മെന്റ് മുഖേന നിയമിച്ചാൽ

കാര്യങ്ങൾ നടക്കില്ല. സ്പെഷ്യാലിറ്റി കേഡർ നടപ്പാക്കിയ സ്ഥിതിക്ക് ഹെൽത്ത് സർവീസിന്റെ കീഴിലുള്ള ആശുപത്രികളിൽ ഫോറൻസിക് സർജറി ഡിഗ്രിയില്ലാത്ത അസിസ്റ്റന്റ് സർജന്മാരെക്കൊണ്ട് പോസ്റ്റുമോർട്ടം ചെയ്യുന്നത് ശരിയല്ലെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സംശയാസ്പദമായ കേസുകളിൽ അവർ അതിന് പ്രാപ്തരല്ല. ഫോറൻസിക് സർജനില്ലായെന്ന കാരണത്താൽ പോസ്റ്റുമോർട്ടം ചെയ്യുന്നതിലേക്കായി മറ്റ് ജില്ലകളിലെ ആശുപത്രിയിലേക്കാണ് പലപ്പോഴും റഫർ ചെയ്യുന്നത്. ഫോറൻസിക് സർജന്റെ മൂന്ന് തസ്തികയെങ്കിലും ചുരുങ്ങിയത് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൃഷ്ടിക്കണം. സാമ്പത്തിക പ്രതിസന്ധിയാണെന്ന് എല്ലാകാര്യങ്ങൾക്കും നമ്മൾ പറയാറുണ്ടെങ്കിലും ഇക്കാര്യത്തിൽ പറയാൻ പാടില്ല. ആ കാര്യം കൂടി കോടതി പറഞ്ഞിട്ടുണ്ട്.

ചെയർപേഴ്സൺ: അങ്ങേയ്ക്ക് അനുവദിച്ച മൂന്ന് മിനിട്ട് വിനിയോഗിക്കുകയും ഒരു മിനിട്ട് അധികമെടുക്കുകയും ചെയ്തു. ഒറ്റവാക്കിൽ അവസാനിപ്പിക്കു;

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഒറ്റവാക്കിൽ കാര്യങ്ങൾ അവസാനിപ്പിക്കാം. ഈ കോടതി വിധികൂടി ബഹുമാനപ്പെട്ട മന്ത്രി

ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. അതിൽ പറയുന്നത്, ‘ A decent burial of the dead body immediately after death without unnecessary delay in completing legal formalities is also a part of the constitutional right. The state cannot say that there is no adequate infrastructure or insufficient staff in the hospitals and there are financial difficulties to create such additional facilities for early completion of legal formalities in unnatural death cases,” എന്നാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതായതിനാൽ സർക്കാർ അതിനെ ഗൗരവത്തോടെയാണ് കാണുന്നത്. സാധാരണക്കാരെ ബാധിക്കുന്ന ഈ വിഷയം നമ്മളൊക്കെ ജനപ്രതിനിധികളെന്ന നിലയിൽ അനുഭവിച്ചിട്ടുള്ളതാണ്. ഇൻക്വസ്റ്റ് നടപടികൾ 4:00 മണിക്ക് പൂർത്തിയാകേണ്ടത് 4:05 മണിയായി പോയാൽ പലയിടത്തും സമയം കഴിഞ്ഞുപോയെന്ന് പറഞ്ഞ് നിലപാടുകൾ സ്വീകരിച്ച അനുഭവങ്ങൾ നമുക്കുണ്ട്. ഇൻക്വസ്റ്റ് നടപടികൾ വൈകിയാലും പോസ്റ്റുമോർട്ടം

നടത്തണമെന്നുള്ളത് നമ്മുടെ അവകാശമാണ്. അത് മൃതദേഹത്തോട് ചെയ്യുന്ന ആദരവ് കൂടിയാണ്. അത് തീർച്ചയായും പ്രാവർത്തികമാകേണ്ടതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ അദ്ദേഹം അനേകം വർഷങ്ങളായി ഈ പോരാട്ടങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഈ സർക്കാർ അത് നടപ്പിലാക്കിയെന്നുള്ള കാര്യംകൂടി അദ്ദേഹം പറയേണ്ടതുണ്ട്. നമ്മൾ ഇക്കാര്യങ്ങളിൽ പാർട്ടി വ്യത്യാസമില്ലാതെ ഒന്നിച്ചാണ് മുന്നോട്ടുപോയിട്ടുള്ളത്. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ ഇത് വളരെ പ്രധാനപ്പെട്ട ഘടകമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ അംഗീകൃത തസ്തികയിൽ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റിനെ കൂടാതെ........, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ടാറ്റാ ആശുപത്രിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അതായത് കോവിഡ് സമയത്ത് അനേകം തസ്തികകൾ സൃഷ്ടിച്ചിരുന്നു. അതിൽ ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദമുള്ള ഒരാളെ അവിടേക്ക് ജോലി ക്രമീകരണ

വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിരുന്നു. ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്, ഡി.എച്ച്.എസ്.-ൽ ഇതുവരെ ആകെ 18 ഫോറൻസിക് സർജൻ തസ്തികകൾ മാത്രമെയുള്ളൂ. അത് ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ചാണുള്ളത്. സംസ്ഥാനത്ത് ആകെ 38 ജില്ലാ ആശുപത്രികളുണ്ടെങ്കിലും എല്ലാ ആശുപത്രികളിലും പ്രസ്തുത തസ്തികയില്ല. മെഡിക്കൽ ലീഗൽ പ്രോട്ടോക്കോൾ അനുസരിച്ച് സാധാരണ ഒരു മരണം പോസ്റ്റ്മോർട്ടം ചെയ്യേണ്ടതാണെങ്കിൽ അത് എം.ബി.ബി.എസ്. ബിരുദമുള്ള ഒരാൾക്ക് ചെയ്യാവുന്നതാണ്. എന്നാൽ സംശയാസ്പദമായ മരണമാണെങ്കിൽ തീർച്ചയായും ആ പോസ്റ്റ്മോർട്ടം ഫോറൻസിക് സർജൻതന്നെ നടത്തണമെന്നാണ് പ്രോട്ടോക്കോളിൽ പറയുന്നത്. അതനുസരിച്ചാണ് നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്. കാസർഗോഡ് ജനറൽ ആശുപത്രി സംബന്ധിച്ച കാര്യത്തിൽ, 2022 മാർച്ച് മുതൽ അവിടെ രാത്രികാല പോസ്റ്റ്മോർട്ടം നടക്കുന്നുണ്ട്. അവിടെ ആകെ നടത്തിയ പോസ്റ്റ്മോർട്ടങ്ങളുടെ എണ്ണം 1261 ആണ്. അതിൽ 348 എണ്ണവും രാത്രികാലത്ത് നടത്തിയിട്ടുള്ളതാണ്. ഈ രീതിയിൽ ഇപ്പോൾ രണ്ടുപേരാണ് അവിടെ പ്രവർത്തിക്കുന്നത്. സ്ഥിരം തസ്തികയാണ്. അതിൽ ഒരു ഡോക്ടർ

അവധിയിലാണെങ്കിലും അദ്ദേഹം അധികം വൈകാതെ ജോലിയിൽ പ്രവേശിക്കുന്നതാണ്. ഡോക്ടർമാർ ആരോഗ്യപരമായ കാരണങ്ങളാലാണ് അവധിയെടുത്തിരിക്കുന്നത്. ഡ്യൂട്ടി ഓഫ് ഉൾപ്പെടെയുള്ള അർഹതപ്പെട്ട അവധിയാണ് എടുത്തിരിക്കുന്നത്. ഡേ ടൈമിൽ മറ്റ് ഡോക്ടർമാരെ ഉപയോഗിച്ച് പോസ്റ്റ്മോർട്ടം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം എല്ലാ ആശുപത്രികളിലും ഈ സംവിധാനങ്ങൾ പെട്ടെന്ന് നടപ്പാക്കുകയെന്നത് ഏത് സർക്കാരിനെ സംബന്ധിച്ചും അസാധ്യമാണ്. ഈ സർക്കാർ എല്ലാം കൃത്യമായി ചെയ്തുപോകാനാണ് ശ്രമിക്കുന്നത്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഫയൽ അന്തിമ പരിഗണനയിലാണ്. അവിടെ മാത്രമല്ല മറ്റാശുപത്രികളിലും ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതാണ്. പൊതുവെ എല്ലാ ആശുപത്രികളിലും ഇതിന്റെ ഭാഗമായിട്ടുള്ള ക്രമീകരണങ്ങൾ വരുത്തുന്നുണ്ട്.

## (10) ഉപഭോക്തൃ കമ്മീഷൻ രൂപീകരിക്കൽ

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പരാതി നൽകിയിട്ടും കേസ് തീർപ്പാക്കാത്തതുമൂലം പ്രയാസപ്പെടുന്ന ഉപഭോക്താക്കളുടെ വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമം, ഉപഭോക്തൃ അവകാശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയതിലും മാധ്യമങ്ങളിൽ ഉപഭോക്തൃ കോടതി ഉത്തരവുകൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തതിലും ഉപഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ച് കൂടുതൽ ബോധവാന്മാരായതിലും എറണാകുളം കമ്മീഷനിൽ 2021-നെ അപേക്ഷിച്ച് 2024-ൽ ഇരട്ടിയിലധികം കേസുകളാണ് ഫയൽ ചെയ്തിട്ടുള്ളത്. വരുംവർഷങ്ങളിൽ പുതുതായി ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം ഗണ്യമായ നിരക്കിൽ വർധിക്കാനിടയുണ്ട്. സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഏറ്റവും കൂടുതൽ കേസുകൾ കൈകാര്യം ചെയ്യുന്നത് എറണാകുളം ജില്ലയിലെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനാണ്. 4161 കേസ്സുകളാണ് എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ തീർപ്പാക്കാനുള്ളത്. 2020 മുതൽ 2024 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ 2020-ൽ 444 കേസുകളാണെങ്കിൽ 2024-

ൽ 1839 കേസുകളായി വർധിക്കുകയാണ്. അതായത് 2020-ൽ ഫയൽ ചെയ്ത കേസുകളെക്കാൾ നാല് മടങ്ങ് കേസുകൾ പുതിയതായി 2024-ൽ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കുന്നത് എറണാകുളം കമ്മീഷനാണ്. എന്നിട്ടും തീർപ്പാക്കാനുള്ള കേസുകൾ വർധിക്കുകയാണ്. പത്തനംതിട്ട, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളെക്കാൾ കൂടുതൽ കേസുകളാണ് എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കൈകാര്യം ചെയ്യുന്നത്. എന്നാൽ ജീവനക്കാർ എല്ലായിടത്തും തുല്യമാണ്. ഇത്രയും കേസുകൾ കൈകാര്യം ചെയ്യാൻ കമ്മീഷന് ആകെ ഒരു അസിസ്റ്റന്റ് രജിസ്ട്രാറും നാല് ക്ലാർക്കുമാരും രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരും രണ്ട് ഓഫീസ് അറ്റൻഡറും മാത്രമാണുള്ളത്. കേരളത്തിലെ വാണിജ്യ വ്യവസായ ജില്ലയാണ് എറണാകുളം. മറ്റ് സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ ഉള്ളതുപോലെ ഉപഭോതൃ പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് അഡീഷണൽ കൺസ്യൂമർ കമ്മീഷൻ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പുതിയ കമ്മീഷൻ വരുന്നത് അനിവാര്യമായ ഘടകമാണ്. ആയതിനാൽ

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പുതിയതായി വരുമെന്ന തീരുമാനമായാൽ ആലുവയിൽ എല്ലാവിധ സൗകര്യവും ഒരുക്കികൊടുക്കാനുള്ള നപടിയെടുക്കാൻ സാധിക്കും. അതോടൊപ്പം അഡീഷണൽ കമ്മീഷൻ നിലവിൽ വരുന്നതുവരെ എറണാകുളം ജില്ലയിലെ കമ്മീഷനിൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കൂടുതൽ ജീവനക്കാരെ കേസിന് ആനുപാതികമായി അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനും 14 ജില്ലകളിലായി ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളും രൂപീകരിക്കുകയുണ്ടായി. 2019 ജൂലൈ 20-ന് നിലവിൽ വന്ന പുതിയ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഓൺലൈൻ വ്യാപാരം, ഡയറക്ട് സെല്ലിങ് തുടങ്ങി നിരവധി മേഖലകൾകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരികയും ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളുടെ സാമ്പത്തിക

അധികാരപരിധി 20 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തു.

2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഉപഭോക്താക്കളുടെ അവകാശങ്ങൾക്ക് കൂടുതൽ പ്രധാന്യം നൽകുന്നുണ്ട്. ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളുടെ ഉത്തരവുകൾ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരായതിനാൽ സംസ്ഥാനത്തെ കമ്മീഷനുകളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഫയൽചെയ്യുന്ന പരാതികളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. വരുംവർഷങ്ങളിലും തർക്കപരിഹാര കമ്മീഷനുകളിൽ ഫയൽചെയ്യപ്പെടുന്ന പരാതികളുടെ എണ്ണം വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളിൽ കൂടുതൽ പരാതികൾ തീർപ്പാക്കാനുള്ളത് തൃശ്ശൂരിലും (4096), എറണാകുളത്തും (3980) ആണ്. മറ്റ് ജില്ലകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള പരാതികൾ ശരാശരി 1033 എണ്ണം മാത്രമാണ്. ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകൾക്ക് കൂടുതൽ

ജീവനക്കാരെ അനുവദിച്ചുകൊണ്ട് മീഡിയേഷൻ നടപടികൾ ശക്തിപ്പെടുത്തിയിട്ടുള്ളതുകൂടാതെ തുടർച്ചയായി നടത്തുന്ന അദാലത്തുകളുടെ ഭാഗമായി 16-11-2024-ന് സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും 07-12-2024-ന് ജില്ലകളിലും അദാലത്തുകൾ നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഗൗരവമേറിയ വിഷയം എറണാകുളം, തൃശ്ശൂർ ജില്ലകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത് മീഡിയേഷൻ നടപടികൾ ശക്തിപ്പെടുത്തിയും കൂടുതൽ അദാലത്തുകൾ സംഘടിപ്പിച്ചും പരാതികൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിലേയ്ക്കായി പ്രസ്തുത ജില്ലകളിലെ കമ്മീഷനുകളിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടോ എന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 28(1) പ്രകാരം സംസ്ഥാന സർക്കാരിന് ആവശ്യമെങ്കിൽ ഒരു ജില്ലയിൽ ഒന്നിൽ കൂടുതൽ ജില്ലാ കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ അത് പ്രായോഗികമല്ലെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.